**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2327** **21-01-2021 - ൽ മറുപടിയ്ക്ക്**

**കൊട്ടുവായൂർ ബൈപ്പാസ് റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ . ബാബു | | **Dr. T. M. Thomas Isaac**<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | നെന്മാറ നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ കൊട്ടുവായൂർ ബൈപ്പാസ് റോഡിന്റെ പ്രവൃത്തികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി ക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | കൊട്ടുവായൂർ ബൈപ്പാസ് നിർമാണം G.O ( Rt ) No.1324 / PWD / 2016 dt 27.092016 പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് Order No. PWD 003 -05 - PA - 01 dated 09.11.2018 പ്രകാരം 38.20 കോടി രൂപയുടെ അംഗീകാരം KIIFB നൽയിട്ടുള്ളതാണ്. തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിനായി ജില്ലാ കളക്ടർക്ക് 15.01.2019 - ൽ അർത്ഥനാപത്രം സമർപ്പിച്ചു. ഏറ്റെടുക്കേണ്ടതായിട്ടുള്ള ഭൂമിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും, 29.01.2020 - ൽ റവന്യൂ അധികാരികളുമായി സംയുക്ത പരിശോധന നടത്തുകയും ചെയ്തു. സാമൂഹ്യ പ്രത്യാഘാത പഠനം 25.06.2020 - ൽ വിദഗ്ധസമിതി റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. 11(1) പ്രഖ്യാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ് . |
| (ബി) | പ്രസ്തുത പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ; | (ബി) | സ്ഥലമേറ്റെടുപ്പ് പൂർത്തിയാലുടൻ തന്നെ നിർമ്മാണത്തിനായുള്ള ടെൻഡർ നടപടികൾ കൈക്കൊള്ളുന്നതാണ് എന്ന് നിർദ്ദിഷ്ട SPV ആയ RDBCK അറിയിച്ചിട്ടുണ്ട്. |
| (സി) | കിഫ്ബിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടത്തിൽ പ്രഖ്യാപിച്ച നെന്മാറ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ? | (സി) | നെന്മാറ ബൈപ്പാസ് നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തി G.O (Rt) No.1324 / 2016 / PWD dtd 27.09.2016 പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു എങ്കിലും NHAI യുടെ നിർദ്ദിഷ്ട വടക്കാഞ്ചേരി പൊള്ളാച്ചി നാഷണൽ ഹൈവേ നെന്മാറ വഴി കടന്നുപോകുന്നതും, പ്രസ്തുത പദ്ധതിയുടെ DPR നടപടികൾ NHAI നടത്തിവരുന്നതിനാലും, നെന്മാറ ബൈപ്പാസ് പ്രോജക്ട് കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ